**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**<u>സംയോജിതനീർത്തട പരിപാലന പരിപാടി</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1663 — 06-03-2017-ൽ മറുപടിക്ക്

ചോദ്യം — ഉത്തരം

| ശ്രീ. വി.ആർ. സുനിൽകുമാർ | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | മണ്ണ്, ജലം, ജൈവസമ്പത്ത് ഇവയെ പരിപോഷിപ്പിക്കുന്ന തരത്തിൽ നടപ്പിലാക്കിവരുന്ന പി.എം.കെ.എസ്.വൈ/ഐ.ഡബ്ലിയു.എം.പി പദ്ധതി മറ്റ് സംസ്ഥാനങ്ങളിൽ ഫണ്ട് ലഭ്യമാക്കുകയും സുഗമമായി നടത്തിപോരുകയും ചെയ്യുന്നുണ്ടെങ്കിലും കേരളത്തിൽ മാത്രം പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | 2016-17 വർഷം 11.37 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ച നൽകിയിട്ടുണ്ട്. ടി തുക തീരെ അപര്യാപ്തമായതിനാൽ അധികമായി തുക അനുവദിക്കുവാൻ സംസ്ഥാന സർക്കാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ബ്ലോക്ക് പഞ്ചായത്തുതലത്തിൽ നടപ്പിലാക്കിക്കൊണ്ടിരുന്ന സംയോജിത നീർത്തട പരിപാലന പരിപാടി (പി.എം.കെ.എസ്.വൈ)/ഐ.ഡബ്ലിയു.എം.പി നിർത്തലാക്കുന്നതും അതിൽ ഉൾപ്പെട്ട കരാർ ജീവനക്കാരെ പിരിച്ചുവിടുന്നതിനുമുള്ള സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | തുല്യജോലിക്ക് തുല്യവരുമാനം എന്ന സുപ്രീംകോടതിയുടെ വിധിപ്രകാരം പി.എം.കെ.എസ്.വൈ / ഐ.ഡബ്ലിയു.എം.പി പദ്ധതിയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് വേതന വർദ്ധനവ് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | കേന്ദ്ര സർക്കാരിൽ നിന്നും മതിയായ ഫണ്ട് ലഭ്യമായാൽ വേതന വർദ്ധനവിനുള്ള ആവശ്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ